# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5039 23.03.2018 -ലെ മറുപടി

**കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ. പ്രദീപ്കുമാർ<br>ശ്രീ. ഒ. ആർ. കേളു<br>ശ്രീ.ഡി.കെ. മുരളി<br>ശ്രീ. എ.എൻ. ഷംസീർ | മാത്യു ടി. തോമസ്<br>ജലവിഭവ വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| എ) | കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | എ) | സംസ്ഥാനത്തെ വൻകിട-ഇടത്തരം ജലസേചന പദ്ധതികളുടെയും ജലവിതരണ പദ്ധതികളുടെയും ഉന്നമനത്തിനും വികസനത്തിനുമായി കേരള സർക്കാർ രൂപീകരിച്ച കമ്പനിയാണ് കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കിഡ്ക്). കൂടാതെ, മിതമായ നിരക്കിൽ പൊതുജനങ്ങൾക്ക് ശുദ്ധജലം ലഭ്യമാക്കുന്നതിനായി 'ഹില്ലി അക്വ'എന്ന പേരിൽ കിഡ്ക് കുപ്പിവെള്ളം ഉൽപാദിപ്പിക്കുന്നുണ്ട്. കിഫ്ബിയുടെ ധനസഹായത്തോടെ ജലസേചന വകുപ്പിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) കൂടിയാണ് കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ. |
| ബി) | ജലസേചനത്തിനും വെള്ളപ്പൊക്ക നിയന്ത്രണത്തിനുമായി സംസ്ഥാനത്ത് നിലവിൽ പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്ന പ്രധാന പദ്ധതികൾ എന്തെല്ലാമാണ്; അവയുടെ പുരോഗതി അറിയിക്കാമോ; | ബി) | ജലസേചനത്തിനായി സംസ്ഥാനത്ത് നിലവിൽ പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്ന പ്രധാന പദ്ധതികളും അവയുടെ പുരോഗതി സംബന്ധിച്ച വിശദാംശവും ചുവടെ ചേർക്കുന്നു.<br>1) **കാരാപ്പുഴ ജലസേചന പദ്ധതി** :-<br>കാരാപ്പുഴ ജലസേചന പദ്ധതിയുടെ റിസർവ്വോയറിൽ 2005 ഫെബ്രുവരി മുതൽ ജലം സംഭരിച്ചു തുടങ്ങി, പദ്ധതി 2010 ജൂണിൽ ഭാഗികമായി കമ്മീഷൻ ചെയ്തു. പദ്ധതിയുടെ ഉപകനാലുകളുടെ നിർമ്മാണ പ്രവൃത്തികൾ ഘട്ടംഘട്ടമായി പൂർത്തികരിക്കാൻ 2018-19 വർഷത്തെ ബഡ്ജറ്റിൽ തുക |

| | | | |
|---|---|---|---|
| | | | അനുവദിച്ചിട്ടുണ്ട്. ഉപകനാലുകളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.<br>2) **<u>ബാണാസുരസാഗർ ജലസേചന പദ്ധതി</u>** :- 2800 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താൻ വിഭാവനം ചെയ്തിട്ടുള്ള പ്രസ്തുത പദ്ധതിയുടെ പ്രധാന കനാലിന്റെ 85 ശതമാനവും ബ്രാഞ്ച് കനാലിന്റെയും ഡിസ്ട്രിബ്യൂട്ടറികളുടെയും 1 ശതമാനം പ്രവൃത്തിയും പൂർത്തിയായിട്ടുണ്ട്. പദ്ധതി വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>3) **<u>മൂവാറ്റുപുഴവാലി ജലസേചന പദ്ധതി</u>** :- മൂവാറ്റുപുഴവാലി ജലസേചന പദ്ധതിയുടെ മെയിൻ കനാൽ 100 ശതമാനവും, ബ്രാഞ്ച് കനാൽ 99.9 ശതമാനവും, ഡിസ്ട്രിബ്യൂട്ടറികളുടെ 90 ശതമാനവും പണി പൂർത്തിയായിട്ടുണ്ട്. ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾക്ക് 2017-18 വർഷത്തെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി അംഗീകാരം നേടുകയും, തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.<br><br>4) **<u>ഇടമലയാർ ജലസേചന പദ്ധതി</u>** :- ഇടമലയാർ ജലസേചന പദ്ധതിയുടെ മെയിൻ കനാൽ 100 ശതമാനവും, ലോ ലെവൽ കനാൽ 54.16 ശതമാനവും, ലിങ്ക് കനാൽ 36.85 ശതമാനവും പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾക്ക് 2017-18 വർഷത്തെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി അംഗീകാരം നേടുകയും, തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.<br>**<u>5) പാമ്പാർ ജലസേചന പദ്ധതി</u>** :- ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ യുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാമ്പാർ ബേസിൻ പ്രോജക്ടിൽ ഉൾപ്പെടുന്ന പട്ടിശ്ശേരി ഡാമിന്റെ നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. അതോടൊപ്പം പാമ്പാർ |

| | | | |
|---|---|---|---|
| | | | ബേസിൻ പ്രോജക്റ്റിൽ ഉൾപ്പെടുന്ന അപ്പർചട്ട മൂന്നാർ, ലോവർചട്ട മൂന്നാർ, ഒറ്റമരം എന്നീ ഡാമുകളുടെ പര്യവേഷണ പ്രവൃത്തികൾ നടന്നുവരുന്നു.<br>6) **<u>മീനച്ചിൽ നദീതട പദ്ധതി :-</u>**<br>മീനച്ചിൽ നദീതട പദ്ധതിയിൽ ഉൾപ്പെടുന്ന അരുണാപുരം മിനി ഡാമിന്റെ നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ വെള്ളപ്പൊക്ക നിയന്ത്രണത്തിനായി പദ്ധതികളൊന്നുമില്ല. |
| സി) | അസാധാരണ വരൾച്ച നേരിടുന്ന വയനാട് ജില്ലയിൽ രണ്ടാം വിളയ്ക്കായി ജലം നൽകുകയെന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച കാരാപ്പുഴ ഇറിഗേഷൻ പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | സി) | നിലവിൽ ഇടതുകര കനാലിലൂടെ 6.10 കി.മി. ദൂരവും വലതുകര കനാലിലൂടെ 7.02 കി.മീ. ദൂരവും അരിമുണ്ട ഡിസ്ട്രിബ്യൂട്ടറിലൂടെ 2.12 കി.മീ ദൂരവും ജലസേചനം നടത്തി വരുന്നുണ്ട്. |
| ഡി) | എത്ര ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താനാണ് പ്രസ്തുത പദ്ധതി ലക്ഷ്യമിട്ടിരുന്നത്; നിലവിൽ എത്ര സ്ഥലത്ത് ജലസേചന സൗകര്യം ഏർപ്പെടുത്താൻ സാധിച്ചിട്ടുണ്ട്; | ഡി) | 5221 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താനാണ് ലക്ഷ്യമിട്ടിരുന്നത്. നിലവിൽ 601 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം ഏർപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. |
| ഇ) | പ്രസ്തുത പദ്ധതിക്ക് നാളിതുവരെ ചെലവായ തുക എത്രയെന്ന് അറിയിക്കാമോ? | ഇ) | 28/02/2018 വരെ 320.34 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**